## തൊഴിലാളികളുടെ എണ്ണം കണക്കാക്കുന്നതിന് രേഖകൾ പരിശോധിക്കാതെ സ്ഥാപനത്തിന് ഇ.പി.എഫ്. നിയമം ബാധകമാക്കിയത് റദ്ദാക്കി

### പഞ്ചാബ്-ഹരിയാന ഹൈക്കോടതി

L.P.A. No. 2386/2016 Dt. 24.4.2017

കാപ്പിറ്റൽ ഡയിങ് കമ്പനി

x

റീജണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ

പരമാവധി 19 പേർ മാത്രം ജോലി ചെയ്തിട്ടുള്ള സ്ഥാപനത്തിൽ ഇ.പി.എഫ്. ഇൻസ്പെക്ടർ പരിശോധനക്കു വന്ന ദിവസം 7 പേർ മാത്രമാണ് ജോലിക്ക് ഹാജരുണ്ടായിരുന്നത്. അന്ന് തൊഴിലുടമ അവിടെ സന്നിഹിതനായിരുന്നില്ല. അവിടെ ഹാജരുണ്ടായിരുന്നവർ സ്ഥാപനത്തിന് ഇ.പി.എഫ്. നിയമം ബാധകമാകത്തക്ക എണ്ണം ജോലിക്കാർ അവിടെ ജോലി ചെയ്തിട്ടില്ലെന്ന് ഇൻസ്പെക്ടറെ അറിയിച്ചെങ്കിലും അത് അദ്ദേഹം അംഗീകരിച്ചില്ല. മുമ്പ് ജോലി ചെയ്തിരുന്നവരുടെയും അടുത്ത കമ്പനിയിലെ തൊഴിലാളികളുടെയും പേരുകൾ ചേർത്തും രണ്ട് പേരുടെ പേരുകൾ ആവർത്തിച്ചും ഇൻസ്പെക്ടർ 21 തൊഴിലാളികളുടെ പട്ടിക തയ്യാറാക്കുകയും ചെയ്തു. ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിഹിതമടയ്ക്കാൻ ഇ.പി.എഫ്. അധികൃതർ ആവശ്യപ്പെട്ടെങ്കിലും തൊഴിലുടമ അതിന് വിസമ്മതിച്ചു. തുടർന്ന് സ്ഥാപനത്തിന്റെ വിഹിതം നിർണ്ണയിക്കുന്നതിനുള്ള അന്വേഷണ നടപടികൾ അധികൃതർ ആരംഭിച്ചു. തൊഴിലുടമ ഹാജരാക്കിയ ഹാജർ പുസ്തകം, വേതന രജിസ്റ്റർ, വാർഷിക കണക്കുകൾ എന്നിവ യാതൊന്നും പരിശോധിക്കാതെ ഇൻസ്പെക്ടർ സമർപ്പിച്ച തൊഴിലാളികളുടെ പട്ടിക മാത്രം കണക്കിലെടുത്ത് ഇ.പി.എഫ്. കമ്മീഷണർ സ്ഥാപനത്തിന് ഇ.പി.എഫ്. നിയമം ബാധകമാണെന്ന് പ്രഖ്യാപിക്കുകയും സ്ഥാപനത്തിന്റെ വിഹിതം നിർണ്ണയിക്കുകയും ചെയ്തുകൊണ്ട് ഉത്തരവിറക്കി. ഇതിനെതിരെ സ്ഥാപനം എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ നല്കിയെങ്കിലും രേഖകൾ പരിഗണിക്കാനാവില്ലെന്നു വിലയിരുത്തിയ ട്രൈബ്യൂണൽ അപ്പീൽ തള്ളിക്കളയുകയാണുണ്ടായത്. തുടർന്ന് സ്ഥാപനം ഹൈക്കോടതിയിൽ റിട്ട് ഹർജി നല്കി. ഇ.പി.എഫ്. കമ്മീഷണറുടെയും ട്രൈബ്യൂണലിന്റെയും തീരുമാനങ്ങളിൽ തെറ്റില്ലെന്നു നിരീക്ഷിച്ച സിംഗിൾ ബഞ്ച് റിട്ട് ഹർജി തള്ളിക്കളഞ്ഞു. ഇതിനെതിരെ സ്ഥാപനം ഡിവിഷൻ ബഞ്ചിൽ അപ്പീൽ നല്കി. പ്രസക്തവും പരിഗണിക്കേണ്ടവയുമായ രേഖകൾ അവഗണിച്ചുകൊണ്ട്, ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ മാത്രം അടിസ്ഥാനത്തിൽ സ്ഥാപനത്തിന് ഇ.പി.എഫ്. നിയമം ബാധകമാണെന്ന് പ്രഖ്യാപിച്ചത് തെറ്റായ നടപടിയാണെന്ന് വിലയിരുത്തിയ ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ചിന്റെയും ട്രൈബ്യൂണലിന്റെയും പി.എഫ്. കമ്മീഷണറുടെയും ഉത്തരവുകൾ റദ്ദാക്കുകയും നിയമാനുസൃതം തീരുമാനമെടുക്കാൻ ഇ.പി.എഫ്. കമ്മീഷണർക്ക് നിർദ്ദേശം നല്കുകയും ചെയ്തു.